# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/BP-1637/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 13/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖാന്തിരം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3)ഓഫീസ് കോപ്പി

നമ്പർ: KSA-ALP/BP-1637/22 തീയ്യതി: 13/03/2023

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ ജി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ശ്രീദേവി.പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി എം പ്രമോദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ബിജു കുമാർ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി . ഷക്കീല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 14-06-2021 |
| ശ്രീ .ചന്ദ്രബാബു കെ ബി | സെക്രട്ടറി | 15-06-2021 | 03-08-2021 |
| ശ്രീമതി . സിസിലി പി വി | സെക്രട്ടറി | 04-08-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ . സേതു മാധവൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അരൂക്കുറ്റി | 01-04-2021 | 31-03-2022 |
| ഡോ. ഷാഹുൽ കെബി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പെരുമ്പളം | 01-04-2021 | 31-03-2022 |
| ഡോ.ലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി, ചേന്നം - പള്ളിപ്പുറം | 01-04-2021 | 31-03-2022 |
| ഡോ. ദിലീപ് എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തൈക്കാട്ടുശ്ശേരി | 01-04-2021 | 31-03-2022 |
| ശ്രീ . സിറാജ്ജുദ്ദിൻ എം എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലീനി എം | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീജ പി | ശിശു വികസന പ്രോജക്റ്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി . ജിഷ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിഷ എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സുബ്രഹ്മണ്യൻ കെ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .സിനി മോൾ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | ഇ-ടെന്റർ ഫീസ് | 1-8 |
| 10 | രസീതിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതിന്റെ വരവ് രേഖപ്പെടുത്തുന്നില്ല | 1-9 |
| 11 | ഡ്രൈവർക്ക് ദിവസവേതനം - അനുവദനീയമായതിൽ കൂടുതൽ തുക നൽകി | 1-10 |
| 12 | രേഖകൾ ലഭ്യമാക്കിയില്ല - 3,03,233 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-11 |
| 13 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 1-12 |
| 14 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല - ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-13 |
| 15 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (പട്ടികജാതി വിഭാഗം)- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-14 |
| 16 | ഇൻഫർമേഷൻ കേരള മിഷന് 2021-22 സാമ്പത്തിക വർഷത്തെ വെബ് വരിസംഖ്യ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-15 |
| 17 | പാലിയേറ്റീവ് കെയർ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-16 |
| 18 | പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്-5-പള്ളിക്കടവിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ – പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-17 |
| 19 | എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ്- അർഹമായ ആനുകൂല്യം നൽകിയില്ല | 1- 18 |
| 20 | എഞ്ചിനീയറിംഗ് വിഭാഗം വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചത് | 1-19 |
| 21 | അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ് 1-അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ- പ്രവൃത്തി ആരംഭിച്ചില്ല | 1-20 |
| 22 | വി.ഇ.ഒ.ഓഫീസുകളിലേക്ക് ലാപ്ടോപ്പ് – വിതരണം പൂർണ്ണമല്ല | 1-21 |
| 23 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി -ഗുണഭോക്തൃലിസ്റ്റിലെ | 1-22 |

| | | |
|---|---|---|
| | മുൻഗണനാക്രമം പാലിച്ചിട്ടില്ല | |
| 24 | ഫയലുകളും, ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 25 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) 2021-22 – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-24 |
| 26 | ക്ളീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-25 |
| 27 | മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തൻവർഷവും തുടരുന്നു | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഡ്രൈവർക്ക് ദിവസവേതനം - അനുവദനീയമായതിൽ കൂടുതൽ തുക നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

14.02.2021 തീയതിയിലെ 1 (1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 46,06,52,285 | 45,99,02,858 |
| വാർഷികകണക്ക് പ്രകാരം | 7,21,37,957 | 6,57,14,813 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 14.06.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1) ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിൽ 1-17(a) യിൽ Depreciation – Vehicles മൈനസ് തുക(-1665176) നിലനിൽക്കുന്നു.

2) ബാലൻസ് ഷീറ്റ് B-9 ൽ Recoveries Payable-Income Tax Deducted At Source മൈനസ് തുക(-39927) നിലനിൽക്കുന്നു.

3) IAY യുടെ നീക്കിയിരുപ്പ്, ബാലൻസ് ഷീറ്റ് B-17 പ്രകാരം 11944727/- രൂപയാണ്.

B-4 പ്രകാരം, Grants, Funds & Contributions For Specific Purposes- Other Than Development Fund And State Sponsor - 3241535/-

Contributions For Joint Venture Projects(for Revenue Expenditure)-from Village Panchayats - 3781303/-

Contributions For Joint Venture Projects(for Revenue Expenditure)-from District Panchayats - 1994732/-

B-9 പ്രകാരം,

Other Liabilities - 3708467/-

------------------

Total - 12726037/-

B-17 ലെ തുകയുമായി വ്യത്യാസം നിലനിൽക്കുന്നു.

4) ബാലൻസ് ഷീറ്റ് B-17 പ്രകാരം PNB യുടെ ലൈഫ് മിഷൻ അക്കൗണ്ടിൽ 337586/-രൂപ നിലനിൽക്കുന്നു. എന്നാൽ B-4 ൽ തത്തുല്യമായ Liability ഇല്ല.

5) വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള (RP40(b) ) എല്ലാ അക്കൗണ്ടുകളുടെയും പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്, 31.3.2022 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയില്ല.15)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )റൂൾസ് 2011,പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ,കണ്ടിൻജന്റ് ബാദ്ധ്യതകൾ,ധനസഹായ റിപ്പോർട്ടുകൾ,മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ

ബി)റൂൾ 62(2)(എഫ് )പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

ഡി)ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം നല്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തൽ ഇല്ല.

രസീത്& പേമെന്റ് പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം പോലും നല്കപ്പെട്ടിട്ടുമില്ല.

6)വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് വിവരങ്ങൾ (ബി7)പരിശോധിക്കുന്നതിനാവശ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

7) ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25 തീയതി.20.12.22)മറുപടി ഹാജരാക്കിയില്ല. അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,70,73,714 |
| വരവ് | 6,41,06,459 |
| ആകെ | 8,11,80,173 |
| ചെലവ് | 6,03,54,512 |
| നീക്കിയിരിപ്പ് | 2,08,25,661 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 14189184 | 14189184 | 14172000 | 17184 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 8778000 | 8778000 | 8778000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 137000 | 137000 | 137000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5555411 | 5555411 | 3841343 | 1714068 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 79 | 62190527 | 61 | 37236437 | 6 | 12 | 77.2% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2022-ന് 3 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതിന് രേഖയില്ല. ബ്ലോക്ക് പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കി സൂക്ഷിക്കുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഈ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി യഥാർത്ഥ സാമ്പത്തിക അവസ്ഥ പ്രതിഫലിക്കുന്ന വിധത്തിലല്ല വാർഷികകണക്കുകൾ പോലും തയ്യാറാക്കുന്നത്. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-8 ഇ-ടെൻഡർ ഫീസ്

ബ്ലോക്ക് പഞ്ചായത്ത് 2021-2022 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രെഡിറ്റ് വന്ന തുക 2607875/-രൂപ ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് കൈമാറേണ്ടതുമാണ്.

## 1-9 രസീതിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതിന്റെ വരവ് രേഖപ്പെടുത്തുന്നില്ല

രസീതിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യ രസീതുകളുടെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നില്ല. സാംഖ്യ രസീത് വാങ്ങുന്ന തീയതിയിൽ അവയുടെ സ്റ്റേഷനറി നമ്പറിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള സ്റ്റേഷനറി നമ്പർ രേഖപ്പെടുത്തിയതിന് ശേഷമാണ് അവ ഫ്രണ്ട് ഓഫീസിലേയ്ക്ക് വിതരണം ചെയ്യേണ്ടത്. ടി വിവരം രേഖപ്പെടുത്താത്തതിനാൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ സ്വീകരിച്ച എല്ലാ രസീതുകളും ഓഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധ്യമല്ല. തൻവർഷത്തെ രസീത് പരിശോധനയിൽ സ്റ്റേഷനറി നം. 5203757 മുതൽ 5203795 വരെയുള്ള രസീതുകൾ പരിശോധിച്ചു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/19.12.2022) മറുപടി ലഭിച്ചില്ല. പഞ്ചായത്തിലേയ്ക്ക് ലഭ്യമായ രസീതുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കാത്ത നടപടി സെക്രട്ടറിയുടെ ഔദ്യോഗിക കാര്യങ്ങളിലുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഡ്രൈവർക്ക് ദിവസവേതനം - അനുവദനീയമായതിൽ കൂടുതൽ തുക നൽകി

പ്രസിഡന്റിന്റെ ഔദ്യോഗിക യാത്രകൾക്കായി ഉപയോഗിച്ചുവരുന്ന KL32C44 ടൊയോട്ട എറ്റിയോസ് എന്ന വാഹനത്തിന്റെ താൽക്കാലിക ഡ്രൈവർ ആയ ശ്രീ.അശ്വജിത്.ജെ. എന്ന വ്യക്തിക്ക് ദിവസവേതനം അനുവദിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

ശ്രീ.അശ്വജിത്.ജെ യുടെ ഹാജർബുക്ക് / മസ്റ്റർറോൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ജി.ഒ (പി)നം.29/21 ധന /11.02.21 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡ്രൈവറുടെ പ്രതിദിന വേതനം 730/- രൂപയും പ്രതിമാസം നൽകാവുന്ന കൂടിയ തുക 19710/- രൂപയുമാണ്. എന്നാൽ ടിയാൾക്ക് തൻവർഷം 12 മാസങ്ങളിലും അനുവദനീയമായതിലും അധികം തുക നൽകിയിട്ടുള്ളതായി കാണുന്നു. അവധി ദിവസമുൾപ്പടെ 27 ദിവസത്തിലധികം ജോലി ചെയ്യേണ്ടിവരുന്ന ഡ്രൈവർമാർക്ക് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അധികദിവസത്തെ അധികവേതനത്തിന് അർഹതയുണ്ടെങ്കിലും അധികദിവസങ്ങളിൽ ജോലി ചെയ്തതായി മേലധികാരിയുടെ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/20.12.22) മറുപടി ലഭ്യമാക്കിയില്ല.

അധികമായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക അനുവദിച്ച മാസം | ചെക്ക് നമ്പർ/തീയതി | തുക | അധികം നൽകിയ തുക |
|---|---|---|---|
| 4/21 | 5284115/3.04.21 | 22630 | 2920 |
| 5/21 | 52841243/3.05.21 | 21900 | 2190 |
| 6/21 | 5284130/10.06.21 | 22630 | 2920 |
| 7/21 | 5284140/07.07.21 | 21170 | 1460 |
| 8/21 | 5284151/4.08.21 | 21170 | 1460 |
| 10/21 | 5284175/4.10.21 | 21900 | 2190 |
| 11/21 | 5284183/2.11.21 | 22630 | 2920 |
| 12/21 | 5284194/4.12.21 | 21900 | 2190 |
| 1/22 | 5284606/10.1.22 | 22630 | 2920 |
| 2/22 | 5284612/3.2.22 | 21170 | 1460 |
| 3/22 | 5284626/4.3.22 | 20440 | 730 |
| | ആകെ അധികം നൽകിയ തുക | | 23360 |

ടിയാൾ അധികദിവസങ്ങളിൽ ജോലി ചെയ്തതായി മേലധികാരിയുടെ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രം ഹാജരാക്കാത്ത പക്ഷം അധികം നൽകിയ തുക തനതുഫണ്ടിൽ ഒടുക്കു വരുത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-11 രേഖകൾ ലഭ്യമാക്കിയില്ല - 3,03,233 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. – S0015/22

പെരുമ്പളം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അനിവാര്യ ചുമതലകൾ

അടങ്കൽ – 3,03,233 (റോഡിതരം) (BRN-21060763011800687666/23.11.21 – 199697

ചെലവ് – 3,03,233 BRN-21060763011801393795/21.03.22 – 103536)

പെരുമ്പളം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അനിവാര്യ ചുമതലകൾ എന്ന പ്രോജക്റ്റിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ, 3,03,233/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. – S0092/22

ബയോമാലിന്യ സംസ്കരണം - ഇമേജിന് തുക നല്കൽ

അടങ്കൽ- 1,43,872/- (നോൺ- റോഡ്)
ചെലവ് – 1,43,872/- (BRN-2106076301170055 9839 – 26.10.2021)
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അത്രക്കറ്റി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ബയോമാലിന്യ സംസ്കരണം ഇമേജിന് തുക നല്കൽ എന്ന പ്രോജക്റ്റ് പ്രകാരം (143872/-) താഴെ ചേർത്തിട്ടുള്ള വിധം തുക നല്കിയിട്ടുണ്ട്. ടി തുകയുടെ ചെലവ് വിവരം ലഭ്യമല്ല.

| ചെലവ് തുക കൈപ്പറ്റിയ വ്യക്തി / സ്ഥാപനം | തുക |
|---|---|
| IMAGE | 23872 |
| സി.എച്ച്.സി, പെരുമ്പളം | 40000 |
| സി.എച്ച്.സി, പള്ളിപ്പുറം | 35000 |
| സി.എച്ച്.സി, തൈക്കാട്ടുശ്ശേരി | 45000 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് (നം. 21/19.12.2022) നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 1,43,872/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല - ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തൈക്കാട്ടുശ്ശേരി, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, പള്ളിപ്പുറം, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പെരുമ്പളം എന്നിവർ നിർവഹണോദ്യോഗസ്ഥരായി നടപ്പാക്കിയ പ്രോജക്റ്റിലെ അപാകതകൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തക | ചെലവ് തുക | തുക നല്കിയ സ്ഥാപനം | മരുന്ന് ലഭിച്ചത് (തുക) | ലഭിയ്ക്കാനുള്ള തുക |
|---|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തൈക്കാട്ടുശ്ശേരി | S0012/ 22 | തൈക്കാട്ടുശ്ശേരി സി.എച്ച്.സി – മരുന്ന് വാങ്ങൽ | 3,00,000 (നോൺ-റോഡ്) | 3,00,000 (ബിൽ നം. 04/ 2021-22, തീയതി – 08.07.2021) | കെ.എം.എസ് സി.എൽ | 1,93,024 | 1,06,976 |
| 2 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, പള്ളിപ്പുറം | S0029/ 22 | പള്ളിപ്പുറം എഫ്.എച്ച്.സി –മരുന്ന് വാങ്ങൽ | 1,50,000/- (നോൺ-റോഡ്) | 1,25,000/- (BRN No. 21060763012000 532276, തീയതി – 12.10.2021) | കെ.എം.എസ്. സി.എൽ | 93357 | 31,643 |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പെരുമ്പളം | S0050/ 22 | പെരുമ്പളം സി.എച്ച്.സി – മരുന്ന് വാങ്ങൽ | 2,00,000/- (നോൺ-റോഡ്) | 2,00,000 (BRN No. 21060763012000 532276, തീയതി – 12.10.2021) | കെ.എം.എസ്. സി.എൽ | 87,301 | 12,691 |
| | തടസ്സപ്പെടുത്തിയ തുക | | | | | | | 151,310 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/17.12.2022, 12/17.12.2022, 21/20.12.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, 1,51,310/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു [1,06,976 (മെഡിക്കൽ ഓഫീസർ, തൈക്കാട്ടുശ്ശേരി) + 31,643 (മെഡിക്കൽ ഓഫീസർ, ചേന്നം – പള്ളിപ്പുറം) +12,691 (മെഡിക്കൽ ഓഫീസർ, പെരുമ്പളം)].

## 1-14 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (പട്ടികജാതി വിഭാഗം)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0104/22

പ്രോജക്ടിന്റെ പേര് - ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (പട്ടികജാതി വിഭാഗം)

നിർവ്വഹണം - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് (എസ്.സി.പി) - 1012000/-

ലൈഫ് ഭവന പദ്ധതി(എസ്.സി)യുടെ നടത്തിപ്പിലേക്കായി തൈക്കാട്ടുശ്ശേരി ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതാണ് അംഗീകരിച്ച പ്രേജക്ടിന്റെ ലക്ഷ്യം. തുക കൈപ്പറ്റി, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക | ബിൽ റഫറൻസ് നം./തീയതി |
|---|---|---|---|
| 1 | അരൂക്കുറ്റി | 244000 | 5042600901210013/14.9.21 |
| 2 | തൈക്കാട്ടുശ്ശേരി | 256000 | 5043000902210009/29.9.21 |
| 3 | ചേന്നംപള്ളിപ്പുറം | 256000 | 5042700901210031/6.10.21 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.12.22) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 756000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 ഇൻഫർമേഷൻ കേരള മിഷന് 2021-22 സാമ്പത്തിക വർഷത്തെ വെബ് വരിസംഖ്യ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷം വികസനഫണ്ടിൽ 22999/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് ഇൻഫർമേഷൻ കേരള മിഷൻ- വെബ് വരിസംഖ്യ 2021-22 (പ്രോജക്ട് നം. - S0003/22). ഇൻഫർമേഷൻ കേരള മിഷന് 2021-22 സാമ്പത്തിക വർഷത്തെ വെബ് വരിസംഖ്യ ഇനത്തിൽ 22999/-രൂപ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരത്തിന്റെ എസ്.ബി.ഐ, നന്ദൻകോടുള്ള 57047023512 നം.അക്കൗണ്ടിൽ നൽകി (ബിൽ നം.21/21-22/20.09.21 തുക 22999/-). എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 1 തീയതി 15.12.22) മറുപടി ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 22999/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 പാലിയേറ്റീവ് കെയർ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 349235/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് പാലിയേറ്റീവ് കെയർ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രോജക്ട് നം. - S0118/22). തൈക്കാട്ടുശേരി ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പാലിയേറ്റീവ് പരിചരണ പ്രവൃത്തികൾ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

തുക കൈപ്പറ്റി, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക | ബിൽ റഫറൻസ് നം/തീയതി |
|---|---|---|---|
| 1 | പെരുമ്പളം | 33540 | 5042900401210009/15.2.22 |

| | | | |
|---|---|---|---|
| 2 | പെരുമ്പളം | 64120 | 5042900401210012/15.2.22 |
| 3 | പെരുമ്പളം | 31650 | 5042900401210015/24.3.22 |
| 4 | അരൂക്കുറ്റി | 52275 | 5042600401210032/3.3.22 |
| 5 | അരൂക്കുറ്റി | 7650 | 5042600401210034/24.3.22 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 തീയതി.16.12.22) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 189235/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്-5-പള്ളിക്കടവിൽ നിന്നും മാട്ടേളുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ – പ്രവൃത്തി ആരംഭിച്ചിട്ടില്ല

(എ) പ്രോജക്റ്റ് നം. - S 0113/22

പ്രോജക്റ്റിന്റെപേര് - പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്-5-പള്ളിക്കടവിൽ നിന്നും മാട്ടേളുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 500000/-

ചെലവ്

വൗച്ചർ നം. XVFC/2021-22/P/1 തീയതി 4.3.22 തുക – 500000/-

പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്-5-പള്ളിക്കടവിൽ നിന്നും മാട്ടേളുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ലിക് ഹെൽത്ത് ഡിവിഷൻ, ആലപ്പുഴയുടെ എസ്.ബി.ഐ, എ.ഡി.ബി.ബ്രാഞ്ചിന്റെ 10449288175 നം.അക്കൗണ്ടിലേക്ക് 500000/-രൂപ നൽകി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഐ.ഡി.നം.2021/35359 പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്കായി 585000/-രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രോജക്റ്റ് നം. - S 0125/22

പ്രോജക്റ്റിന്റെ പേര് - പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്-5- പള്ളിക്കടവിൽ നിന്നും മാട്ടേളുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- ബാക്കി നൽകേണ്ടതായ തുക നൽകുന്നത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യകമ്മീഷൻ അവാർഡ് - 56233/-

ചെലവ്

1) ബിൽ നം.61/21-22/21.03.22 തുക.54259/-

2) ബിൽ നം.65/21-22/27.03.22 തുക.1974/-

പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്-5-പള്ളിക്കടവിൽ നിന്നും മാട്ടേളുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-ബാക്കി നൽകേണ്ടതായ തുക നൽകുന്നത് എന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ലിക് ഹെൽത്ത് ഡിവിഷൻ, ആലപ്പുഴയുടെ എസ്.ബി.ഐ, എ.ഡി.ബി.ബ്രാഞ്ചിന്റെ 10449288175 നം.അക്കൗണ്ടിലേക്ക് 56233/-രൂപ നൽകി.

മേൽ പ്രോജക്റ്റുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്റ്റിമേറ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖയില്ല.

2)പ്രവൃത്തി സംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതരുമായി കരാർ ചമച്ചിട്ടില്ല.

3) പ്രവൃത്തി ചെയ്തതിന്റെ അളവുകളും ബില്ലുകളും എഴുതി അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയ എം.ബുക്ക് ഹാജരാക്കിയിട്ടില്ല.

4) പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.2/തീയതി.15.12.22, നം.6/തീയതി.15.12.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 556233/-രൂപ തടസ്സപ്പെടുത്തുന്നു.

## 1- 18 എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ്- അർഹമായ ആനുകൂല്യം നൽകിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് (പ്രോജക്ട് നം.S0048/22) |
| അടങ്കൽ | 2726481 |
| ചെലവ് | 2610000 |

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ബിരുദവിദ്യാർത്ഥികൾക്ക് അർഹമായ 20000/- രൂപയ്ക്ക് പകരം 10000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | അനുവദിച്ച തുക |
|---|---|---|
| അലീന ലാൽ,<br>ഇടത്തറ നികർത്തിൽ,<br>ഉളവയ്പ്പ്. | BSC നഴ്സിംഗ് | 10000(BRN12101476676/26.03.22) |
| വിവേക്.കെ.,<br>പുത്തൻവീട്ടിൽ,<br>തൈക്കാട്ടുശ്ശേരി. | B Com ടാക്സേഷൻ | 10000(BRN12101476676/26.03.22) |
| അജിത്.പി.ആർ.,<br>പുല്ലുവേലി,<br>പള്ളിപ്പുറം | Bsc കെമിസ്ട്രി | 10000 (ചെക്ക് നം. 5284635/12.03.22) |

പദ്ധതിക്കായി പര്യാപ്തമായ തുക വകയിരുത്തിയിട്ടും അർഹമായ തുക ടി വിദ്യാർത്ഥികൾക്ക് അനുവദിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/22) മറുപടി ഹാജരാക്കിയില്ല. അർഹതയുള്ള തുക അനുവദിച്ച് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-19 എഞ്ചിനീയറിംഗ് വിഭാഗം വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചത്

പ്രോജക്ട്.നം. - S 0059/21-22
അടങ്കൽ (റോഡിതരം) – 157500
കരാറുകാരൻ – ശ്രീ.രജീഷ് കുമാർ
ചെലവ് – 157500

| തുക | ബിൽ നം., തീയതി | മാസം |
|---|---|---|
| 22500 | 1/26.10.21 | സെപ്റ്റംബർ |
| 22500 | 2/8.11.21 | ഒക്ടോബർ |

| | | |
|---|---|---|
| 22500 | 3/10.12.21 | നവംബർ |
| 22500 | 4/15.1.22 | ഡിസംബർ |
| 22500 | 5/15.2.22 | ജനുവരി |
| 22500 | 6/15.3.22 | ഫെബ്രുവരി |
| 22500 | 7/26.3.22 | മാർച്ച് |
| 157500 | | |

നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

എഞ്ചിനീയറിംഗ് വിഭാഗം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്ന KL 32 K-792 എന്ന വാഹനം 8.12.2016 ൽ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ധനകാര്യ വകുപ്പ് 15-09-18 ൽ പുറപ്പെടുവിച്ച, 85/2018/fin. നം. സർക്കുലറിലെ ഖണ്ഡിക (I) പ്രകാരം ഇപ്രകാരം വാടകയ്ക്ക് എടുക്കുന്നത് പുതിയ വാഹനങ്ങൾ ആയിരിക്കണമെന്നും, ആയത് അഞ്ച് വർഷത്തേക്ക് ദീർഘകാല അടിസ്ഥാനത്തിൽ ആയിരിക്കണം എന്നും, ഇപ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ടി നിബന്ധനകൾ പാലിച്ചതിന്റെ രേഖകളില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20.12.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ് 1-അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ- പ്രവൃത്തി ആരംഭിച്ചില്ല

പ്രോജക്ട് നം. - S 0114/22

പ്രോജക്ടിന്റെ പേര് - അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ് 1-അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

ധനകാര്യകമ്മീഷൻ അവാർഡ് - 460000/-

<u>ചെലവ്</u>

ബിൽ നം.57/21-22 തീയതി.3.3.22 തുക.460000/-

അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ് 1-അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിനായി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പബ്ളിക് ഹെൽത്ത് ഡിവിഷൻ, ആലപ്പുഴയുടെ എസ്.ബി.ഐ, എ.ഡി.ബി.ബ്രാഞ്ചിന്റെ 10449288175 നം. അക്കൗണ്ടിലേക്ക് 460000/-രൂപ നൽകി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഐ.ഡി.നം.2021/34175 പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്കായി 460000/-രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്റ്റിമേറ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖയില്ല.

2) പ്രവൃത്തി സംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതരുമായി കരാർ ചമച്ചിട്ടില്ല.

3) പ്രവൃത്തി ചെയ്തതിന്റെ അളവുകളും ബില്ലുകളും എഴുതി അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയ എം.ബുക്ക് ഹാജരാക്കിയിട്ടില്ല.

4) പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

5) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5/തീയതി 15.12.22) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി ആരംഭിക്കാത്തതിനാൽ ചെലവ് തുക 460000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 വി.ഇ.ഒ.ഓഫീസുകളിലേക്ക് ലാപ്ടോപ്പ് – വിതരണം പൂർണ്ണമല്ല

2021-22 സാമ്പത്തിക വർഷം തനത് ഫണ്ടിൽ 500000/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത സ്പിൽ

ഓവർ പ്രോജക്ട് ആണ് വി.ഇ.ഒ.ഓഫീസുകളിലേക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം. - S0082/22).

കെൽട്രോണിൽ നിന്ന് 29.7.22 ലെ TVM/ITBG/RC/40222/20-21 നം. ഇൻവോയ്സ് പ്രകാരം, 10 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Rate | Qty | Value |
|---|---|---|---|
| Laptop | 39121 | 10 | 391210 |

കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ, വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400003959 നം. അക്കൗണ്ടിലേക്ക് 2021-22 സാമ്പത്തിക വർഷം 24.9.21 തീയതിയിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 281650/-രൂപ ഇ-ട്രാൻസ്ഫർ ചെയ്ത് നൽകി (ബാക്കി നൽകാനുള്ള 109560/-രൂപ 2022-23 സാമ്പത്തിക വർഷം നൽകി). ലഭ്യമായ 10 ലാപ്ടോപ്പുകളിൽ 6 എണ്ണം താഴെ ചേർക്കുന്ന വി.ഇ.ഒ മാർ കൈപ്പറ്റിയിട്ടുണ്ട്.

സൽമോൻ.എസ്, വി.ഇ.ഒ.ഗ്രേഡ്.I

സാദിഖ്.എ, വി.ഇ.ഒ.ഗ്രേഡ്.I

പ്രതീഷ്.പി, വി.ഇ.ഒ.ഗ്രേഡ്.II

അനീഷ്.കെ.ആർ, വി.ഇ.ഒ.ഗ്രേഡ്.I

സൈഫുന്നിസ.എ, വി.ഇ.ഒ.ഗ്രേഡ്.I

പ്രസീദ.കെ.എസ്,വി.ഇ.ഒ.ഗ്രേഡ്.I

4 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല.

ലാപ്ടോപ്പുകൾ ലഭ്യമായ തീയതിയും 4 എണ്ണം വിതരണം ചെയ്യാത്തതിന് കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8 തീയതി 16.12.22), മറുപടി ഹാജരാക്കിയില്ല. വിതരണം ചെയ്യാത്ത ലാപ്ടോപ്പുകളുടെ വിലയായ 156484/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി -ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നം.S 0047/22) |
| അടങ്കൽ | 1325000(വികസനഫണ്ട്-എസ്.സി.പി.)<br>1851 (തനതുഫണ്ട്) |
| ചെലവ് | 1323149 (വികസനഫണ്ട്-എസ്.സി.പി.)<br>1851 (തനതുഫണ്ട്) |

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിക്കായി ആകെ 7 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 5 പേർക്ക് ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള മുൻഗണനാക്രമം പാലിക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത് എന്നു കാണുന്നു. ഇപ്രകാരം പദ്ധതിയുടെ ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ, ടി വിദ്യാർത്ഥികളുടെ ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ക്രമ നമ്പർ എന്നിവ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള ക്രമനമ്പർ |
|---|---|
| അനന്തു, നടീച്ചിറ, പൂച്ചാക്കൽ പി.ഒ. | 10 |
| പ്രിൻസി.പി, തൈപ്പറമ്പിൽ, പള്ളിപ്പുറം | 34 |
| തെന്നൽ I.R, നികർത്തിൽ, പൂച്ചാക്കൽ.പി.ഒ, തൈക്കാട്ടുശ്ശേരി | 16 |
| അനന്തകൃഷ്ണൻ.കെ.എ, കലിയത്തുകാട്, പെരുമ്പളം | 10 |
| അനന്തു.പി.ആർ, പുതുക്കേരിച്ചിറ, അരൂക്കുറ്റി | 20 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/15.12.22) ലഭ്യമാക്കിയ മറുപടിയിൽ മുൻഗണന പ്രകാരം ആനുകൂല്യം അനുവദിക്കേണ്ട ഗുണഭോക്താക്കളുടെ അസൗകര്യങ്ങളോ, ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്തതോ ആണ് അപാകതയ്ക്കു കാരണം എന്ന മറുപടി ഹാജരാക്കി. എന്നാൽ മുൻഗണനാക്രമം പാലിക്കാതെ

ആനുകൂല്യം അനുവദിച്ചതിന്റെ വ്യക്തമായ കാരണങ്ങളോ മുൻഗണന പ്രകാരം ആനുകൂല്യം ലഭിക്കേണ്ട ഗുണഭോക്താക്കൾ ടി ആനുകൂല്യം നിരസിച്ചുകൊണ്ടുള്ള സമ്മതപത്രങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള അപാകത ഒഴിവാക്കേണ്ടതാണ്.

## 1-23 ഫയലുകളും, ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലുകളും, ചെലവ് രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|---|
| 1 | S0101/22 | ദുരന്തനിവാരണ സേന രൂപീകരണം | വികസനഫണ്ട്-100000<br>ഗ്രാമ പഞ്ചായത്ത് വിഹിതം -150000<br>അടങ്കൽ-250000 | വികസനഫണ്ട്-88300<br>ഗ്രാമ പഞ്ചായത്ത് വിഹിതം -0<br>ആകെ ചെലവ്-88300 |
| 2 | S0001/22 | പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ്-2021-22 | തനത്ഫണ്ട്-150000 | തനത് ഫണ്ട് -55599 |
| 3 | S0066/22 | കോവിഡ്-19 അതിജീവനം-കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | വികസനഫണ്ട്-400000<br>തനത്ഫണ്ട്-300000<br>അടങ്കൽ-700000 | വികസനഫണ്ട്-400000<br>തനത് ഫണ്ട്-0<br>ആകെ ചെലവ്-400000 |
| 4 | S0007/22 | വജ്രജൂബിലി ഫെലോഷിപ്പ്- കലാകാരൻമാർക്ക് അധികവേതനം | ധനകാര്യകമ്മീഷൻ അവാർഡ്-120000 | ധനകാര്യകമ്മീഷൻ അവാർഡ്-120000 |
| 5 | S0081/22 (സ്പിൽ ഓവർ) | കളക്ടേഴ്സ് അറ്റ് സ്കൂൾ- സ്കൂളുകളിൽ അജൈവ മാലിന്യ ശേഖരണം | ധനകാര്യകമ്മീഷൻ അവാർഡ്-194800 | ധനകാര്യകമ്മീഷൻ അവാർഡ്-194800 |

1997ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്തുന്നതുമാണ്. ആയതിനാൽ ചെലവ് രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി 19.12.22) മറുപടി ലഭ്യമാക്കി യില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 858699/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) 2021-22 – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0009/22

പ്രോജക്ടിന്റെ പേര് - ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) 2021-22

നിർവ്വഹണം - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 1700000/-

ലൈഫ് ഭവന പദ്ധതിയുടെ നടത്തിപ്പിലേക്കായി തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമ

പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. തുക കൈപ്പറ്റി, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക | ബിൽ റഫറൻസ് നം./തീയതി |
|---|---|---|---|
| 1 | അരൂക്കുറ്റി | 360000 | 5042600921210012/14.09.21 |
| 2 | തൈക്കാട്ടുശ്ശേരി | 80000 | 5043000902210006/29.09.21 |
| 3 | തൈക്കാട്ടുശ്ശേരി | 60000 | 5043000902210018/12.10.21 |
| 4 | ചേന്നംപള്ളിപ്പുറം | 340000 | 5042700901210037/06.10.21 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16 തീയതി 17.12.22) മറുപടി ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 8,40,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 ക്ളീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - S0116/22

പ്രോജക്ടിന്റെ പേര് - ക്ളീൻ കേരള കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

ധനകാര്യ കമ്മീഷൻ അവാർഡ് - 206000/-

2021-22 സാമ്പത്തിക വർഷം ക്ളീൻ കേരള കമ്പനി ലിമിറ്റഡിന്റെ, തിരുവനന്തപുരം വഴുതക്കാട് എസ്.ബി.ഐ.യിലുള്ള 33622776812 നം. അക്കൗണ്ടിൽ 206000/-രൂപ നൽകി (വൗച്ചർ നം.XVFC/2021-22/ P/25/14.03.22 തുക 206000/-). എന്നാൽ വിനിയോഗസാക്ഷ്യപത്രം, തുക വിനിയോഗിച്ച് ക്ളീൻ കേരള മിഷൻ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/19.12.22) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 206000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തൻവർഷവും തുടരുന്നു

വാർഷിക കണക്ക് ബി4 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന തുകകൾ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തുടരുന്നു.

| Particulars | Current Year Amount |
|---|---|
| Centrally Sponsored Scheme-Integrated Child Development Scheme(ICDS) | 687824 |
| Centrally Sponsored Schemes-Grants, Funds ,& Contributions For Specific Purposes-Central Government | 122687 |
| Grants, Funds ,& Contributions For Specific Purposes- Other Central Government Grants-Local Area D | 196790 |
| Grants, Funds ,& Contributions For Specific Purposes- Other Central Government Grants- Other Grants | 89453 |
| Contributions For Joint Venture Projects(for Revenue Expenditure)-from Village Panchayats | 3781303 |
| Contributions For Joint Venture Projects(for Revenue Expenditure)-from Didtrict Panchayats | 1994732 |

വാർഷിക കണക്ക് ബി9 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങളിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെ തൻവർഷവും തുടരുന്നു.

| Particulars | Current Year Amount |
|---|---|
| Government And Other Dues Payable-Others | 39117 |

പ്രസ്തുത തുകകളുടെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25 തീയതി.20.12.22) മറുപടി

ഹാജരാക്കിയില്ല. പ്രസ്തുത തുകകൾ ആയതിന്റെ ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ കഴിയുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് തിരികെ അടവാക്കേണ്ട താണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രൈവർക്ക് ദിവസവേതനം - അനുവദനീയമായതിൽ കൂടുതൽ തുക നൽകി.

പ്രസിഡന്റിന്റെ ഔദ്യോഗിക യാത്രകൾക്കായി ഉപയോഗിച്ചുവരുന്ന KL32C44 ടൊയോട്ട എറ്റിയോസ് എന്ന വാഹനത്തിന്റെ താൽക്കാലികഡ്രൈവർ ആയ ശ്രീ.അശ്വജിത്.ജെ. എന്ന വ്യക്തിക്ക് ദിവസവേതനം അനുവദിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

ശ്രീ.അശ്വജിത്.ജെ യുടെ ഹാജർ ബുക്ക് / മസ്റ്റർറോൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ജി.ഒ (പി)നം.29/21 ധന/11.02.21 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡ്രൈവറുടെ പ്രതിദിന വേതനം 730 രൂപയും പ്രതിമാസം നൽകാവുന്ന കൂടിയ തുക 19710 രൂപയുമാണ്. എന്നാൽ ടിയാൾക്ക് തൻവർഷം 12 മാസങ്ങളിലും അനുവദനീയമായതിലും അധികം തുക നൽകിയിട്ടുള്ളതായി കാണുന്നു. അവധി ദിവസമുൾപ്പടെ 27 ദിവസത്തിലധികം ജോലി ചെയ്യേണ്ടിവരുന്ന ഡ്രൈവർമാർക്ക് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അധികദിവസത്തെ അധികവേതനത്തിന് അർഹതയുണ്ടെങ്കിലും അധികദിവസങ്ങളിൽ ജോലിചെയ്തതായി മേലധികാരിയുടെ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/20.12.22) മറുപടി ലഭ്യമാക്കിയില്ല.

അധികമായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക അനുവദിച്ച മാസം | ചെക്ക് നമ്പർ/തീയതി | തുക | അധികം നൽകിയ തുക |
|---|---|---|---|
| 4/21 | 5284115/3.04.21 | 22630 | 2920 |
| 5/21 | 52841243/3.04.21 | 21900 | 2190 |
| 6/21 | 5284130/10.06.21 | 22630 | 2920 |
| 7/21 | 5284140/07.07.21 | 21170 | 1460 |
| 8/21 | 5284151/4.08.21 | 21170 | 1460 |
| 10/21 | 5284175/4.10.21 | 21900 | 2190 |
| 11/21 | 5284183/2.11.21 | 22630 | 2920 |
| 12/21 | 5284194/4.12.21 | 21900 | 2190 |
| 1/22 | 5284606/10.1.22 | 22630 | 2920 |
| 2/22 | 5284612/3.2.22 | 21170 | 1460 |
| 3/22 | 5284626/4.3.22 | 20440 | 730 |
| | ആകെ അധികം നൽകിയ തുക | | 23360 |

ടിയാൾ അധികദിവസങ്ങളിൽ ജോലിചെയ്തതായി മേലധികാരിയുടെ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രം ഹാജരാക്കാത്ത പക്ഷം അധികം നൽകിയ തുക തനതുഫണ്ടിൽ ഒടുക്കു വരുത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 3514000 | പി.എം.എ.വൈ ഗ്രാമീൺ (ജനറൽ)2021-22 | 17,64,000 | 1750000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,52,000 | പി.എം.എ.വൈ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണം ധനസഹായം | 2,52,000 | 0 |
| ഗ്രാമപഞ്ചായത്ത് | 2021-22 | 1370000 | പി.എം.എ.വൈ -ഭവന നിർമ്മാണം ധനസഹായം | 535000 | 835000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ് - 5 പള്ളിക്കടവിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | XVFC-2021-22/P/ 104.03.2022 | 5,00,000 | 5,00,000 | 0 |
| കേരള വാട്ടർ അതോറിറ്റി | പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ് - 5 പള്ളിക്കടവിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- ബാക്കി നല്കേണ്ടതായ തുക നല്കുന്നത് | ബിൽ നം.-61/21-22/ 21.03.2022 തുക-54,259/- ബിൽ നം.-65/21-22/ 27.03.2022 തുക-1,974/- | 56,233 | 56,233 | 0 |
| കേരള വാട്ടർ | അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ് | ബിൽ നം.-57/ 21-22/03.03.22 | 4,60,000 | 4,60,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അതോറിറ്റി | - 1 അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

:

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,41,06,459 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,03,54,512 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23360 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,44,065 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

:

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 2920 | ശ്രീ.ബിജുകുമാർ, സെക്രട്ടറി |
| | | 2190 | ശ്രീ.ബിജുകുമാർ, സെക്രട്ടറി |
| | | 2920 | ശ്രീമതി. ഷക്കീല,സെക്രട്ടറി |
| | | 1460 | ശ്രീ.ചന്ദ്രബാബു.കെ.ബി.,സെക്രട്ടറി |

| | | | |
|---|---|---|---|
| | | 1460 | ശ്രീമതി.സിസിലി.പി.വി.സെക്രട്ടറി |
| | | 2190 | ശ്രീമതി.സിസിലി.പി.വി.സെക്രട്ടറി |
| | | 2920 | ശ്രീമതി.സിസിലി.പി.വി.സെക്രട്ടറി |
| | | 2190 | ശ്രീമതി.സിസിലി.പി.വി.സെക്രട്ടറി |
| | | 2920 | ശ്രീമതി.സിസിലി.പി.വി.സെക്രട്ടറി |
| | | 1460 | ശ്രീമതി.സിസിലി.പി.വി.സെക്രട്ടറി |
| ആകെ | | 23360 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 3,03,233 | ഡോ.ഷാഹുൽ കെ.ബി.,മെഡിക്കൽ ഓഫീസർ |
| 1-12 | 1,43,872 | ഡോ.സേതുമാധവൻ.,മെഡിക്കൽ ഓഫീസർ |
| 1-13(a) | 1,06,976 | ഡോ.ദിലീപ് എസ്, മെഡിക്കൽ ഓഫീസർ |
| 1-13(b) | 31,643 | ഡോ.ലക്ഷ്മി മോഹൻ, മെഡിക്കൽ ഓഫീസർ |
| 1-13(c) | 12,691 | ഡോ.ഷാഹുൽ കെ.ബി.,മെഡിക്കൽ ഓഫീസർ |
| 1-14 | 7,56,000 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-15 | 22,999 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-16 | 1,89,235, | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-17 | 5,56,233 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-20 | 4,60,000 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-21 | 1,56,484 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-23 | 8,58,699 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-24 | 840000 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| 1-25 | 206000 | ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി |
| ആകെ | 46,44,065 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിസിലി.പി.വി., സെക്രട്ടറി | സെക്രട്ടറി,തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | കരുവേലി ,വിവികെ വാലത്ത് റോഡ് സൗത്ത് ചിറ്റൂർ പി ഓ എറണാകുളം, പിൻ : 682027 |
| ഡോ.സേതുമാധവൻ.,മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,അരുക്കുറ്റി | സരോവരം, സി എം സി XIII, ചേർത്തല, പിൻ : 688524 |
| ഡോ.ഷാഹുൽ കെ.ബി.,മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, പെരുമ്പളം | വൃന്ദാവനം, തിരുനെല്ലൂർ പി. ഓ, ചേർത്തല പിൻ 688541 |

| | | |
|---|---|---|
| ഡോ.ലക്ഷ്മി മോഹൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി,പള്ളിപ്പുറം | ഗോവിന്ദം, സി എം സി 33 കിഴക്കേനാല്പത് ജംഗ്ഷൻ ചേർത്തല |
| ഡോ.ദിലീപ്. എസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., തൈക്കാട്ടുശ്ശേരി | മംഗലശ്ശേരി, ഈസ്റ്റ് കെൽട്ടോൺ ജംഗ്ഷൻ അരൂർ പി. ഓ |
| ബിജുകുമാർ. എ | റിട്ടയേർഡ് | ശ്രീ പദ്മനാഭം, വാരനാട് പി. ഓ ചേർത്തല |
| ചന്ദ്രബാബു. കെ. ബി | കൊല്ലംകോട് ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട് | മയൂരം, താമരക്കുളം പി. ഓ ആലപ്പുഴ പിൻ 690530 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി./17/10.3.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബി.പി-1371/7/ 08.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/ബി.പി-33/2019/ 05.01.2019 |
| 2018-2019 | കെ.എസ്.എ/എ.എൽ.പി/ബി.പി-776/2019/ 18.9.2019 |
| 2019-2020 | കെ.എസ്.എ/എ.എൽ.പി/ബി.പി-488/2022/ 19.05.2022 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/ബി.പി-489/2022/ 19.05.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്